# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

എച്ച്.ആർ.എം.പി. നംമ്പർ : 3940/11/12/2024/

പരാതികക്ഷി: ഷാജൻ കെ അലക്സ്, KRA C-42, A'tbara Lane,
കണ്ണംമ്മൂല,മെഡിക്കൽ കോളേജ്,,തിരുവനന്തപുരം

മുതൽപേർ

എതിർകക്ഷികൾ

**ഉത്തരവ് തീയതി 13.10.2025**

ഹർജികക്ഷി ഉൾപ്പെടെ 8 പേർ പേര് എഴുതി ഒപ്പിട്ട് സമർപ്പിച്ച പരാതിയാണിത്. കണ്ണമ്മൂല KUT സെമിനാരിയിൽ നിന്നുണ്ടാകുന്ന ശബ്ദമലിനീകരണമാണ് പരാതിക്ക് ആസ്പദമായ വിഷയം. സെമിനാരിയുടെ പരിപാടികളും, ഹാൾ വാടകയ്ക്ക് നൽകി മറ്റുള്ളവരുടെ പലവിധ പരിപാടികളും ഇവിടെ നടത്തിവരുന്നതായും, അസാമാന്യമായ ഉച്ചത്തിൽ ബാസ് സ്പീക്കറുകളും സബ് ബൂഫറുകളും പ്രവർത്തിപ്പിച്ച പരിസരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും, ഇതു സംബന്ധിച്ച് പോലീസിൽ പരാതിപ്പെട്ടിട്ട് നടപടിയൊന്നും ഉണ്ടായിട്ടില്ല എന്നും മറ്റുമാണ് പരാതി വിഷയം.

2. പരാതി വിഷയത്തിൽ മെഡിക്കൽ കോളേജ് സ്റ്റേഷൻ ഹൗസ് ഓഫീസർ 25.06.2024 തീയതി റിപ്പോർട്ട് സമർപ്പിച്ചു. ടി പരാതി സംഗതിയിലേക്ക് സ്ഥലത്ത് പോയി അന്വേഷണം നടത്തിയിട്ടുള്ളതും സെമിനാരി പ്രിൻസിപ്പൽ ഇൻ ചാർജ് ആയ റവ.സാൻ്റി എസ് പോളിനെ നേരിൽകണ്ട് സംസാരിച്ചിട്ടുള്ളതും സെമിനാരിയിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്ന അവസരത്തിൽ ആയത് നിയമവിധേയമാണെന്നും ബഹു ഹൈക്കോടതി ഉത്തരവിന് അനുസരിച്ച് മാത്രമാണെന്നും നിശ്ചിത സമയ പരിധിയിലും ശബ്ദ പരിധിയിലും ആണെന്നും ഉറപ്പുവരുത്തുന്നതിനും പ്രത്യേക അനുമതി ആവശ്യമായ സാഹചര്യത്തിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും ആയത് ലഭ്യമാക്കേണ്ടതാണെന്നും നിയമപരമായ നിർദ്ദേശങ്ങൾ അവഗണിക്കുന്ന പക്ഷം ബന്ധപ്പെട്ടവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച നോട്ടീസ് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

3. പരാതി പരിഗണനയ്ക്കെടുത്ത 13.10.2025 തീയതി ഹർജികക്ഷി ഹാജരായി ആക്ഷേപം സമർപ്പിച്ചു. സെമിനാരിയിലെ പന്തൽ എന്നു പറയുന്നത് ഓപ്പൺ സ്ടക്ച്ചർ ഉള്ള വലിയ ഒരു നിർമ്മിതിയാണെന്നും അവിടെ അധികം ശബ്ദം പുറപ്പെടുവിക്കുന്ന ലൗഡ് സ്പീക്കറുകൾ

വച്ചിട്ടുണ്ടെന്നും, കൂടാതെ ഇടയ്ക്കിടെ വോളിബോൾ മത്സരങ്ങളും മറ്റു പരിപാടികളും ഇവിടെ നടത്താറുണ്ടെന്നും ആ സമയത്ത് വളരെ ഉച്ചത്തിലാണ് ലൗഡ് സ്പീക്കറുകൾ പ്രവർത്തിപ്പിക്കുന്നതെന്നും ഇക്കാര്യത്തിൽ ശാശ്വതമായ പരിഹാരം ഉണ്ടാകണമെന്നും ഹർജികക്ഷി പറയുകയുണ്ടായി.

4. സെമിനാരിയിൽ പോലീസ് നൽകിയ നോട്ടീസ് പ്രകാരമുള്ള കാര്യങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പോലീസ് ഉറപ്പുവരുത്തേണ്ടതാണ്. ഇടയ്ക്കിടയ്ക്ക് സ്ഥാപന പരിശോധന നടത്തേണ്ടതും അനുവദനീയമായ പരിധിക്ക് ഉള്ളിലാണോ ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നതെന്ന കാര്യം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് കഴക്കൂട്ടം അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ